**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 289** **12-03-2025 - ൽ മറുപടിയ്ക്ക്**

**തരിശുഭൂമിയിൽ ആധുനിക കൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീമതി ദെലീമ,<br>ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തരിശുഭൂമിയിൽ ഇടവിള കൃഷിക്ക് ഉപയോഗിക്കാവുന്ന പ്രദേശങ്ങൾ ഏറ്റെടുത്ത് ആധുനിക കൃഷി രീതികൾ ഉപയോഗിച്ച് ഉല്പാദനവും കാർഷിക വരുമാനവും വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ പുതിയ പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് തരിശുഭൂമിയിൽ കൃഷിക്ക് ഉപയോഗിക്കാവുന്ന പ്രദേശങ്ങൾ ഏറ്റെടുത്ത് ആധുനിക കൃഷി രീതികൾ ഉപയോഗിച്ച് ഉല്പാദനവും കാർഷിക വരുമാനവും വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ New Agriculture Wealth Opportunities – Driving Horticulture Agri Business Networking (NAWO-DHAN) എന്ന പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്.<br><br>സ്വകാര്യ വ്യക്തികളുടെ പക്കലുള്ളതും പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ളതും കൃഷിയ്ക്ക് ഉപയോഗിക്കാവുന്നതുമായ ഭൂമി കണ്ടെത്തി കർഷകനും ഭൂവുടമയുമായി, Indian Contracts Act 1872 പ്രകാരമുള്ള പരസ്പര കരാറിന്റെ അടിസ്ഥാനത്തിൽ ദീർഘകാല കൃഷിയ്ക്കായി കർഷകന് നൽകുന്ന രീതിയാണ് നവോ-ധൻ പദ്ധതിയിൽ അനുവർത്തിക്കുന്നത്. പദ്ധതി പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. ഹോർട്ടികൾച്ചർ, തേനീച്ചവളർത്തൽ, കൂൺ കൃഷി, അനുബന്ധ മേഖലകൾ, ഹൈഡ്രോപോണിക്സ്, സംരക്ഷിത കൃഷി, കൃത്യതാ കൃഷി, ഹൈടെക് ഫാമിംഗ് എന്നിവയുൾപ്പെടെയുള്ള വാണിജ്യ കൃഷി രീതികൾക്കായി സംസ്ഥാനത്തെ വിനിയോഗിക്കപ്പെടാത്ത ഭൂവിഭവങ്ങൾ പ്രയോജനപ്പെടുത്താൻ നവോ-ധൻ പദ്ധതി വിഭാവനം ചെയ്യുന്നു. കൂടാതെ കർഷകർക്ക് വായ്പാ സൌകര്യം ഒരുക്കുന്നതിനും കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികളുടെ കീഴിൽ വിവിധ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും കാർഷിക മൂല്യ ശൃംഖല ശാക്തീകരിക്കുന്നതിനും വിള ഇൻഷ്വറൻസ് ലഭ്യമാക്കുന്നതിനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• ഹൈടെക് വാണിജ്യ കൃഷിക്കായി ഉപയോഗശൂന്യമായ കൃഷിഭൂമിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുക |

- അന്താരാഷ്ട്ര വിപണികൾക്ക് അനുയോജ്യമായ ഉയർന്ന മൂല്യമുള്ള പഴങ്ങളും പച്ചക്കറികളും വാണിജ്യ വിളകളും കണ്ടെത്തി കൃഷി ചെയ്യുക.
- ആധുനികവും ശാസ്ത്രീയവുമായ കൃഷിരീതികൾ അവലംബിക്കുന്നതിനായി സുസ്ഥിരവും ലാഭകരവുമായ ഒരു ഫാമിംഗ് മാതൃക സ്ഥാപിക്കുക.
- കയറ്റുമതി ലക്ഷ്യമിട്ടുള്ള കൃഷിയിലൂടെ ഉയർന്ന മൂല്യമുള്ള കാർഷിക വിളകളുടെ ഉത്പാദനം പ്രോത്സാഹിപ്പിച്ച് കൊണ്ട് കർഷകർ, കാർഷിക സംരഭകർ എന്നിവരുടെ വരുമാനം വർദ്ധിപ്പിക്കുക.

കാർഷിക മേഖലയിലെ മൂല്യ വർദ്ധിത ഉത്പ്പന്നങ്ങളെ പ്രോത്സാഹിപ്പിക്കും വിധം അനുയോജ്യമായ വിളകളുടെ കൃഷി പ്രോത്സാഹിപ്പിക്കുക.

നവോ-ധൻ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി, കാർഷിക വികസന & കർഷക ക്ഷേമ വകുപ്പിന്റെ മേൽനോട്ടത്തിൽ കേരള അഗ്രോ ബിസിനസ് കമ്പനിയെ (KABCO) സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്. കാബ്കോയുടെ മേൽനോട്ടത്തിൽ വികസിപ്പിച്ചെടുത്ത സോഫ്റ്റ് വെയർ സംവിധാനം മുഖേന കർഷകർ/കൃഷിക്കൂട്ടങ്ങൾ/കർഷക ഉത്പാദന സംഘടനകൾ/ഭൂവുടമകളിൽ നിന്നും താൽപര്യപത്രം (Expression of Interest) ക്ഷണിക്കുന്നു. താൽപര്യപത്രം സമർപ്പിക്കുന്ന കർഷകരുടെ/കൃഷിക്കൂട്ടങ്ങളുടെ/കർഷക ഉത്പാദന സംഘടനകളുടെ സാങ്കേതിക പരിജ്ഞാനം വിലയിരുത്തി യോഗ്യരായവരുടെ പട്ടിക തയാറാക്കി അവരെ പദ്ധതിയിൽ രജിസ്റ്റർ ചെയ്യിക്കുന്നു. രജിസ്റ്റർ ചെയ്ത കർഷകർ/കൃഷിക്കൂട്ടങ്ങൾ/കർഷക ഉത്പാദന സംഘടനകൾ സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയതിട്ടുള്ള കൃഷി ഭൂമികളിൽ നിന്നും അനുയോജ്യമായവ കണ്ടെത്തി ടെൻഡർ സമർപ്പിക്കുന്നു. സമർപ്പിച്ച ടെൻഡറുകളിൽ നിന്നും Quality & Cost Based Selection (QCBS) രീതിയിലൂടെ തെരഞ്ഞെടുക്കുന്ന കർഷകർ/ കൃഷിക്കൂട്ടങ്ങൾ/ കർഷക ഉത്പാദന സംഘടനകൾക്ക് അനുയോജ്യമായ കൃഷി ഭൂമി നിശ്ചയിക്കുന്നു.

തുടർന്ന് ഭൂവുടമ, കർഷകർ/ കൃഷിക്കൂട്ടങ്ങൾ/കർഷക ഉത്പാദന സംഘടനകൾ, കാബ്കോ എന്നിവർ കക്ഷികളായി ഒരു സേവനതല കരാർ (Service Level Agreement) ഒപ്പ് വയ്ക്കുന്നു. കൃഷി ഭൂമിയുമായി ബന്ധപ്പെട്ട ഒരു അവകാശങ്ങളും കൈമാറ്റം ചെയ്യാതെ "കൃഷി ഒരു സേവനമായി" കണക്കാക്കി, ഈ സേവനതല കരാറുകളിലൂടെ തെരഞ്ഞെടുത്ത കർഷകർ/ കൃഷിക്കൂട്ടങ്ങൾ/ കർഷക ഉത്പാദന സംഘടനകൾക്ക് കൃഷിക്കായി ഭൂമി നൽകുന്നു. സർക്കാരിന്റെ എല്ലാ

| | | | |
|---|---|---|---|
| | | | ആനുകൂല്യങ്ങൾക്കും ബാങ്ക് വായ്പ ഉൾപ്പെടെയുള്ള അനുകൂല്യങ്ങൾക്കും പദ്ധതിയിൽ ഭാഗമായ കർഷകൻ അർഹനായിരിക്കും.<br><br>കൂടാതെ 11 മാസക്കാലയളവിൽ വിളവെടുപ്പ് നടത്താവുന്ന ഹ്രസ്വകാല വിളകൾക്ക് പ്രാധാന്യം നൽകി കർഷകർ/ കൃഷിക്കൂട്ടങ്ങൾ/കർഷക ഉത്പാദന സംഘടനകളും ഭൂവുടമയും പരസ്പര കരാറിൽ ഏർപ്പെട്ട് നിയമസാധുതയോടെ കൃഷി ചെയ്യുക എന്ന ലക്ഷ്യം വച്ച് ക്രോപ്പ് കൾട്ടിവേറ്റേഴ്സ് കാർഡ് ബില്ല് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. |
| (ബി) | ഭൂമിയുടെ ഉടമസ്ഥാവകാശം കൈമാറാതെ തന്നെ കൃഷിക്കായി ഭൂമി വിട്ടുനൽകുന്നതിന് പ്രസ്തുത പദ്ധതി വഴി സാധ്യമാണോ; ഇതിലൂടെ ഭൂവുടമകൾക്ക് വരുമാനം ലഭ്യമാക്കുമോ; വിശദാംശം നൽകാമോ; | (ബി) | സാദ്ധ്യമാണ്. 1963, 1973 വർഷങ്ങളിലെ ഭൂപരിഷ്കരണ നിയമ പ്രകാരം കൃഷിക്കായി ഭൂമി പാട്ടത്തിന് നൽകുന്നത് റദ്ദാക്കിയിട്ടുണ്ട്. ഇതു മൂലം ചെറുകിട/നാമമാത്ര കർഷകർക്കും ഭൂരഹിത കർഷകർക്കും കൃഷി ഭൂമി ലഭ്യമാകുന്നതിന് നിയമ തടസ്സം നിലനിൽക്കുന്നു. നവോ-ധൻ പദ്ധതി കാർഷിക മേഖലയിലെ കൃഷി ഭൂമിയുടെ ദൌർലഭ്യം പരിഹരിക്കുന്നതിനായി 1872-ലെ Indian Contract Act അടിസ്ഥാനമാക്കി തയാറാക്കിയ സേവനതല കരാറുകൾ ആധാരമാക്കിയായിരിക്കും പ്രവർത്തിക്കുക. ഈ സേവനതല കരാർ നടപ്പാക്കുന്നതിലൂടെ ഭൂമി സംബന്ധമായി എല്ലാ അവകാശങ്ങളും നിയന്ത്രണവും ഭൂവുടമയിൽ തന്നെ നിലനിർത്തിക്കൊണ്ട് കൃഷി ഒരു സേവനമായി കണക്കാക്കി കർഷകർ/കൃഷിക്കൂട്ടങ്ങൾ/കർഷക ഉത്പാദന സംഘടനകൾക്ക് കൃഷി ചെയ്യുന്നതിനായി ഭൂമി നൽകാൻ സാധിക്കുന്നു. ആയതിനായുള്ള സേവനതല കരാർ മാതൃക 28.09.2024 തീയതിയിലുള്ള GO(Rt) 914/2024/Agri പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. തെരഞ്ഞെടുത്ത കർഷകർ/കൃഷിക്കൂട്ടങ്ങൾ/കർഷക ഉത്പാദന സംഘടനകൾ കൃഷിയിലൂടെ ലഭ്യമാകുന്ന ലാഭത്തിന്റെ ഒരു വിഹിതം അതത് ഭൂവുടമകൾക്ക് നൽകേണ്ടതാണ്. ആയത് കർഷകർ/ കൃഷിക്കൂട്ടങ്ങൾ/ കർഷക ഉത്പാദന സംഘടനകൾ സമർപ്പിക്കുന്ന ടെൻഡറിൽ രേഖപ്പെടുത്തേണ്ടതാണ്. |
| (സി) | കാർഷിക മേഖലയിൽ പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്ന ഭൂരഹിത യുവാക്കൾക്ക് പ്രസ്തുത പദ്ധതി എത്രത്തോളം പ്രയോജനകരമാണ്; വിശദമാക്കുമോ? | (സി) | ഭൂരഹിതരായ യുവ കർഷകർക്ക് കൃഷി ഭൂമി പാട്ടത്തിന് ലഭ്യമാകുന്നതിന് നിയമ തടസ്സങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ, നൂതന കൃഷി രീതികൾ അവലംബിച്ച് കൃഷി ചെയ്യുന്നതിനായി ഭൂമി ലഭ്യമാക്കുന്നതിന് നവോ-ധൻ പദ്ധതി വഴി സാദ്ധ്യമാകുന്നു. കൂടാതെ ഈ പദ്ധതി മുഖാന്തിരം വായ്പാ സൌകര്യം ലഭ്യമാക്കുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാർ പദ്ധതികളുടെ ആനുകൂല്യങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിനും മൂല്യശൃംഖല ശാക്തീകരിക്കുന്നതിനും വിളഇൻഷുറൻസ് ലഭ്യമാക്കുന്നതിനും സാദ്ധ്യമാകുന്നു. |

സെക്ഷൻ ഓഫീസർ